പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :684

05.06. 2018 ൽ മറുപടിക്ക്

**കേബിൾ നെറ്റ് വർക്കുകളിൽ നിന്ന് കെ.എസ്.ഇ.ബി.യ്ക്ക് കിട്ടാനുള്ള തുക**

ചോദ്യം

ശ്രീ.കെ.എം.ഷാജി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യുടെ വൈദ്യുത പോസ്റ്റുകൾ കേബിൾ ടി.വി. ട്രാൻസ്മിഷനായി ഉപയോഗിക്കുന്ന സ്വകാര്യ കേബിൾ നെറ്റ് വർക്കുകളിൽ നിന്ന് കെ.എസ് ഇ.ബി. ഏതെല്ലാം കാര്യങ്ങൾക്ക് എത്ര വീതം ചാർജ്ജുകൾ ഈടാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) 19.09.2014 ലെ ബോർഡ് ഉത്തരവ് നമ്പർ B.O.(FTD) No.2456/2014 (LA II/Asianet/PLP 6639/13) പ്രകാരം 01.04.2011 മുതൽ കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് കെ. എസ് . ഇ .ബി ലിമിറ്റഡിന്റെ ഇലക്ട്രിക്ക് പോസ്റ്റുകളിലൂടെ കേബിളുകൾ വലിക്കുന്നതിനു പോസ്റ്റ് ഒന്നിന് നഗര പരിധിയിൽ/പ്രാന്ത പ്രദേശങ്ങളിൽ ഒരു വർഷത്തേയ്ക്ക് 250 രൂപയും ഗ്രാമ പ്രദേശങ്ങളിൽ 125 രൂപയും ആണ് നിശ്ചയിച്ചിരിക്കുന്നത്. വാടക നിരക്കിൽ പ്രതിവർഷം 5% വർദ്ധനവും നിശ്ചയിച്ചിട്ടുണ്ട്. ഇതിനു പുറമെ, പോൾ വാടക തുകയ്ക്ക് ആനുപാതികമായി, ബാധകമായ ജി.എസ്.റ്റി തുകയും ഒടുക്കേണ്ടതാണ്. കൂടാതെ, പ്രതിവർഷം ഉപയോഗിക്കുന്ന പോസ്റ്റുകൾക്കനുസൃതമായിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക (പോസ്റ്റ് വാടക തുകയുടെ 10 ശതമാനം) എഗ്രിമെന്റ് കാലയളവിൽ നിലനിർത്തേണ്ടതാണ്. |
| (ബി) തലസ്ഥാന നഗരിയിലെ ചില സ്വകാര്യ കേബിൾ കമ്പനികൾ ഇലക്ട്രിക്ക് പോസ്റ്റുകൾ ധാരാളമായി ഉപയോഗിക്കുന്നുണ്ടെങ്കിലും അതിനാനുപാതികമായ തുക കെ.എസ്.ഇ.ബി.യ്ക്ക് അടയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പ്രതിവർഷം കെ.എസ്.ഇ.ബി. യ്ക്ക് കിട്ടേണ്ട വരുമാനത്തിൽ എന്ത് കുറവാണ് ഉണ്ടാക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . കണക്കാക്കിയിട്ടുണ്ട് . ഈ കുറവ് നികത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് |
| (സി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന എന്ന് പറയപ്പെടുന്ന ഡിവൈൻ കേബിൾ നെറ്റ് വർക്ക് കഴിഞ്ഞ 2 വർഷം വൈദ്യുത പോസ്റ്റ് ഉപയോഗവുമായി ബന്ധപ്പെട്ട് എത്ര തുക | (സി) ഡിവൈൻ കേബിൾ നെറ്റ് വർക്ക് തലസ്ഥാന നഗരിയിൽ ശ്രീവരാഹം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ മാത്രമേ ഉള്ളൂ. 16 പോസ്റ്റുകൾ ആണ് ഉപയോഗത്തിലുള്ളത്. കഴിഞ്ഞ രണ്ടു വർഷം വൈദ്യുതി പോസ്റ്റ് ഉപയോഗവുമായി ബന്ധപ്പെട്ടു ഡിവൈൻ കേബിൾ നെറ്റ് വർക്ക് , പോസ്റ്റ് വാടക, ജി.എസ് .റ്റി, പിഴ പലിശ എന്നിവ |

| | |
|---|---|
| ,ഏതെല്ലാം ഇനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് അടച്ചിട്ടുണ്ടെന്നും ആയത് വിവിധ സൗകര്യങ്ങളുപയോഗിക്കുന്നതിന് പ്രസ്തുത കമ്പനിയിൽ നിന്ന് ലഭിക്കേണ്ട തുക ആകുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ഇത്തരത്തിൽ വരുമാന ചോർച്ച ഉണ്ടാകുന്നത് കണ്ടെത്തി പ്രസ്തുത നഷ്ടം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കാമോ? | എല്ലാം ചേർത്ത് **31.03.2018- ൽ 14,151/-** രൂപ അടച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ